മാതൃഭൂമി

12 January 2019

# ഗവേഷണ സഹകരണത്തിന് മഹാരാജാസ് കോളേജും സി.എം.എഫ്.ആർ.ഐ.യും

കൊച്ചി ▸ അക്കാദമിക, ഗവേഷണ രംഗങ്ങളിൽ സഹകരിക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനവും (സി.എം.എഫ്.ആർ.ഐ.) മഹാരാജാസ് കോളേജും ധാരണയായി. സമുദ്ര ജൈവ വൈവിധ്യം, മറൈൻ ബയോ ടെക്നോളജി തുടങ്ങിയ മേഖലകളിൽ സംയുക്ത ഗവേഷണങ്ങൾക്കും ശാസ്ത്രാവബോധ പ്രചാരണ പ്രവർത്തനങ്ങൾക്കുമുള്ള സഹകരണമാണ് ലക്ഷ്യം.

ഇതോടെ, മഹാരാജാസ് കോളേജിലെ വിദ്യാർഥികൾക്ക് സി.എം.എഫ്.ആർ.ഐ.യിൽ പഠനാനുബന്ധ ഗവേഷണ പ്രവർത്തനങ്ങൾ നടത്താനും പരിശീലനം നേടാനും അവസരമുണ്ടാകും.

സമുദ്ര പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് ബോധവത്കരണ പരിപാടികൾ, പൊതുജനങ്ങളിൽ ശാസ്ത്രാവബോധം സൃഷ്ടിക്കൽ തുടങ്ങിയവയും ലക്ഷ്യമിടുന്നുണ്ട്.



▶ സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനും മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ ഡോ. കെ.എൻ. കൃഷ്ണകുമാറും ധാരണാപത്രം പരസ്പരം കൈമാറുന്നു

കടലാസ് ഉപയോഗിച്ച് നിർമിച്ച ചെലവു കുറഞ്ഞ മൈക്രോസ്കോപ്പുകളെ കുറിച്ചുള്ള പ്രചാരണം, പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരേ ബോധവത്കരണം എന്നിവ ഇതിൽ ഉൾപ്പെടും. ധാരണാപത്രത്തിൽ സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനും മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ ഡോ. കെ.എൻ. കൃഷ്ണകുമാറും ഒപ്പുവച്ചു.